# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 14.01.2020

### ആന എഴുന്നള്ളിപ്പ്: രജിസ്ട്രേഷന് ഒരു മാസം കൂടി സമയം നീട്ടി നൽകി വനംവകുപ്പ്

ഉത്സവാഘോഷങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച് നടപടികൾ ശക്തമാക്കുമെന്നും ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു മാസത്തെ സമയം കൂടി അനുവദിക്കുമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ കെ സുരേന്ദ്രകുമാർ അറിയിച്ചു. 2012 വരെ ആനകളെ ഉത്സവത്തിനായി എഴുന്നള്ളിച്ചിരുന്ന ക്ഷേത്രങ്ങളും ദേവസ്വങ്ങളുമാണ് പേര് രജിസ്റ്റർ ചെയ്യേണ്ടത്.

ജനുവരി 20 മുതൽ ഒരു മാസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം. 2015 ആഗസ്റ്റ് 18ലെ സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരമുള്ള സമയപരിധിക്കുള്ളിൽ രജിസ്റ്റർ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തക്ഷേത്ര- ദേവസ്വങ്ങൾക്കാണ് സർക്കാരിന്റെ പ്രത്യേക നിർദ്ദേശപ്രകാരം അവസരം നൽകുക. ഇതിനോടകം ഒരു മാസ അധിക സമയം അനുവദിച്ച ജില്ലകൾക്ക് ജനുവരി 20 മുതലുള്ള ഒരു മാസ കാലയളവ് ബാധകമായിരിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. 2012നുശേഷം ആനകളെ എഴുന്നള്ളിച്ചുള്ള പുതിയ ഉത്സവങ്ങൾക്കും പൂരങ്ങൾക്കും രജിസ്ട്രേഷൻ നൽകുകയില്ലെന്നും 2012 വരെ ഉപയോഗിച്ചു വന്നതിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കാൻ അനുമതി നൽകുകയില്ലെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ